നാട്ടുചികിത്സാ വകുപ്പിൽ പാർട്ട് ടൈം ജീവനക്കാരുടെ പ്രൊമോഷൻ

170 [1750] ശ്രീ. ഷിബു ബേബി ജോൺ:

" എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാട്ടുചികിത്സാ വകുപ്പിലെ ആശുപത്രികളിൽ ജോലി ചെയ്യുന്ന പാർട്ട് ടൈം ജീവനക്കാർക്ക് നിലവിലുള്ള പ്രൊമോഷൻ സാദ്ധ്യതകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത ജീവനക്കാർക്ക് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിൽ ജോലി ചെയ്യുന്ന പാർട്ട് ടൈം ജീവനക്കാർക്ക് ലഭിക്കുന്ന പ്രൊമോഷൻ ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കുക്ക്, പ്യൂൺ തസ്തികകളിൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിൽ ജോലി ചെയ്യുന്നവർക്ക് പ്രൊമോഷൻ ലഭിക്കുമ്പോൾ നാട്ടുചികിത്സാ വകുപ്പിൽ പ്രസ്തുത തസ്തികകളിൽ പ്രൊമോഷൻ ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നാട്ടുചികിത്സാ വകുപ്പിൽ കുക്കിനെ നേരിട്ട് നിയമിക്കുന്നത് നിർത്തലാക്കി ഡി.എച്ച്.എസ്.-ൽ ചെയ്യുന്നതുപോലെ പാർട്ട് ടൈം-കാരുടെ പ്രൊമോഷൻ തസ്തിക ആക്കിമാറ്റാൻ നടപടി സ്വീകരിക്കുമോ;

(ഇ) നാട്ടുചികിത്സാ വകുപ്പിൽ ഫുൾടൈം സ്വീപ്പർ ആയി ജോലി നോക്കുന്നവർക്ക് അറ്റന്റർ തസ്തികയിൽ പ്രൊമോഷൻ ലഭിക്കുന്നതിന് രണ്ട് വർഷത്തെ സേവനം വേണമെന്ന നിബന്ധന ഒഴിവാക്കി ആരോഗ്യ വകുപ്പിലേതുപോലെ ഒഴിവുണ്ടാകുന്ന തസ്തികകളിൽ പ്രൊമോഷൻ നൽകുക എന്ന മാനദണ്ഡം സ്വീകരിക്കുമോ;

(എഫ്) ഇതു സംബന്ധിച്ച് വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നാട്ടുചികിത്സാ വകുപ്പിൽ ജോലി ചെയ്യുന്ന പാർട്ട് ടൈം ജീവനക്കാർക്ക് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ സാനിട്ടേഷൻ വർക്കർ/ ഫുൾടൈം സ്വീപ്പർ എന്നീ തസ്തികളിലേക്ക് പ്രമോഷൻ നൽകിവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നാട്ടുചികിത്സാ വകുപ്പിൽ 7-ാം ക്ലാസ് വിദ്യാഭ്യാസയോഗ്യതയും ബന്ധപ്പെട്ട തസ്തികയിൽ രണ്ടു വർഷത്തെ പ്രവൃത്തി പരിചയവുമുള്ള കുക്ക്, പ്യൂൺ എന്നിവരെ അറ്റന്റർ/നേഴ്സിംഗ് അസിസ്റ്റന്റ് തസ്തികകളിലേക്ക് പ്രൊമോഷൻ നൽകിവരുന്നു. ഈ വകുപ്പിൽ പ്രസ്തുത തസ്തികകളിൽ പ്രമോഷൻ ലഭിക്കുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നാട്ടുചികിത്സാ വകുപ്പിൽ നിലവിലുള്ള സ്പെഷ്യൽ റൂൾസ് പ്രകാരം പാർട്ട് ടൈം കുക്ക് തസ്തിക നിലവിലില്ലാത്തതിനാൽ പാർട്ട് ടൈം-കാരെ പ്രമോട്ട് ചെയ്ത് കുക്ക് തസ്തികയിൽ നിയമിക്കുന്നതിന് സാദ്ധ്യമല്ല.

(ഇ ആന്റ് എഫ്) നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം രണ്ടു വർഷത്തെ സേവന പരിചയമുള്ള ഫുൾടൈം സ്വീപ്പർമാരെ മാത്രമേ അറ്റന്റർ തസ്തികയിൽ നിയമിക്കാൻ കഴിയുകയുള്ളു.

മീൻവല്ലം ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട്

171 [1751] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ മീൻവല്ലം ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിന്റെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത പദ്ധതിയിൽനിന്ന് എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാമെന്നാണ് കരുതുന്നത്; ഇതിനുവേണ്ടി എത്ര കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു;

(സി) ഈ പദ്ധതിക്കുവേണ്ടി ത്രിതല പഞ്ചായത്തുകൾ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; എത്ര കോടി രൂപ സംഭരിച്ചിട്ടുണ്ട്;

(ഡി) ഇതിനായി 7 കോടി രൂപ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് കടമെടുക്കുന്നതിന് സർക്കാർ ഗ്യാരണ്ടി നൽകാതിരിക്കാൻ എന്താണ് കാരണമെന്ന് വെളിപ്പെടുത്തുമോ;

(ഇ) പവർ ഫിനാൻസ് കോർപ്പറേഷൻ 3.5 കോടി രൂപ നൽകാമെന്ന് സമ്മതിച്ചിട്ട് പ്രസ്തുത തുക നൽകാതിരിക്കാൻ എന്താണ് കാരണമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മീൻവല്ലം ജലവൈദ്യുത പദ്ധതി ആരംഭിക്കുന്നതിനുവേണ്ടി പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള പാലക്കാട് സ്മാൾ ഹൈഡ്രോ കമ്പനിക്ക് സർക്കാർ അനുമതി നൽകിയിരുന്നു. പദ്ധതിക്കാവശ്യമായ ജനറേറ്ററുകളും പെൻസ്റ്റോക്ക് പൈപ്പുകളും ലഭ്യമായിട്ടുണ്ട്. പദ്ധതി പ്രദേശത്തേക്കുള്ള അപ്രോച്ച് റോഡിന്റെ (വന അതിർത്തി വരെ) പണി പൂർത്തിയായി. വൈദ്യുതി പ്രസരണത്തിനുള്ള ലൈൻ 3 കി.മീ. നീളത്തിൽ വനം അതിർത്തി വരെ നിർമ്മിച്ചിട്ടുണ്ട്. പദ്ധതിക്കുവേണ്ടി 1.15 ഹെക്ടർ വനഭൂമി കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും അനുവദിച്ചു കിട്ടിയിട്ടുണ്ട്.

(ബി) 3 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാമെന്ന് കണക്കാക്കിയിട്ടുണ്ട്. ഏകദേശം 10 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly